# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD (9) 1683 /21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 15/01/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD (9) 1683 /21 തീയ്യതി: 15/01/2022

# പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-02-2020 മുതൽ 07-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ .എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 08-11-2021 | 23-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2021 | 23-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.നസ്സീർ .T.K ഓഡിറ്റ് ഓഫീസർ

2.ശ്രീ.ശിവപ്രസാദ്.M, അസി.ഓഡിറ്റ് ഓഫീസർ

3.ശ്രീ.കന്തസ്വാമി.I, ഓഡിറ്റർ

4.ശ്രീ.സന്ദീപ് K.V. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മണികണ്ഠൻ. | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-11-2020 | 20-12-2020 |
| ശ്രീമതി.സതി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.ആന്റണി.സി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പ്രിൻസി.എം.ഡി | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.രാജൻ.എൻ.എ | അസി.എൻജിനിയർ | 01-04-2020 | 30-06-2020 |
| ശ്രീ.ആൻറണി.സി | സെക്രട്ടറി (ചാർജ്ജ് ) | 01-07-2020 | 11-10-2020 |
| ശ്രീമതി.ഷിഫാന ഫാസിൽ | അസി.എൻജിനിയർ | 12-10-2020 | 31-03-2021 |
| ശ്രീ.മനോജ് ജോസഫ് | കൃഷി ഓഫീസർ | 01-04-2020 | 13-09-2020 |
| ശ്രീമതി.അർച്ചന മുരളി | കൃഷി ഓഫീസർ | 14-09-2020 | 31-03-2021 |
| ഡോ.രാംകുമാർ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.മിനിക്കുട്ടി.സി.കെ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീ.നാരായണൻകുട്ടി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.വത്സലകുമാരി.പി.കെ | ICDS സൂപ്പർ വൈസർ | 01-04-2020 | 31-03-2021 |
| ഡോ.സുനിൽകുമാർ.കെ.വി | Mo(phc) | 01-04-2020 | 31-03-2021 |
| ഡോ..ജസീല | Mo(Homeo) | 01-04-2020 | 31-03-2021 |
| ഡോ.അസ്മാബി | MO (ISM) | 01-04-2020 | 22-12-2020 |
| ഡോ.നിത.എം | MO(ISM) | 23-12-2020 | 03-03-2021 |

| | | | |
|---|---|---|---|
| ഡോ.മീര.ആർ | MO(ISM) | 04-03-2021 | 31-03-2021 |
| ശ്രീ.ജയകുമാർ.ആർ.ജി | ഡി.ഇ.ഒ | 01-04-2020 | 01-02-2021 |
| ശ്രീമതി.അനുഷ | ഡി.ഇ.ഒ | 02-02-2021 | 22-02-2021 |
| ശ്രീ.അദ്വൈദ്.കെ.എസ് | ഡി.ഇ.ഒ | 23-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.K.Naseer (Audit Officer, On 09-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 05-01-2022) | 1-1 |
| 2 | ബജറ്റ് -യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്<br>Written By: T.K.Naseer (Audit Officer, On 14-11-2021)<br>Last Updated By: C.S.Santhosh (Audit Officer, On 28-11-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Kanthaswami.I (Auditor, On 09-11-2021)<br>Last Updated By: C.S.Santhosh (Audit Officer, On 28-11-2021) | 1-2 |
| 4 | വാർഷിക കണക്ക്-അപാകതകൾ<br>Written By: Kanthaswami.I (Auditor, On 09-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Kanthaswami.I (Auditor, On 09-11-2021)<br>Last Updated By: Kanthaswami.I (Auditor, On 03-01-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: T.K.Naseer (Audit Officer, On 09-11-2021)<br>Last Updated By: Anish A (Computer Assistant, On 11-01-2022) | 1-4 |
| 7 | ഫണ്ട് വിനിയോഗം-0.74 കോടി സർക്കാർ ഗ്രാന്റ് ലാപ്സാക്കി<br>Written By: T.K.Naseer (Audit Officer, On 09-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 15-01-2022) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: T.K.Naseer (Audit Officer, On 09-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 06-01-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 06-01-2022) | 1-6 |
| 10 | തൊഴിലുറപ്പ് പദ്ധതി-അവലോകനം<br>Written By: T.K.Naseer (Audit Officer, On 09-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-6-1 |
| 11 | MGNREGS മെറ്റീരിയൽ പർച്ചേയസ് -അപാകതകൾ<br>Written By: T.K.Naseer (Audit Officer, On 25-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-6-2 |
| 12 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Sandeep KV (Auditor, On 15-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-7 |
| 13 | ക്ഷേമ പെൻഷനുകൾ<br>Written By: T.K.Naseer (Audit Officer, On 09-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: T.K.Naseer (Audit Officer, On 09-11-2021)<br>Last Updated By: Anish A (Computer Assistant, On 11-01-2022) | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റ വിവരം<br>Written By: T.K.Naseer (Audit Officer, On 09-11-2021)<br>Last Updated By: C.S.Santhosh (Audit Officer, On 28-11-2021) | 1-10 |

| | | |
|---|---|---|
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ- അപാകതകൾ<br>Written By: Sandeep KV (Auditor, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-11 |
| 17 | ലൈസൻസ് - റേഷൻകടകളിൽനിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്<br>Written By: Sandeep KV (Auditor, On 23-11-2021)<br>Last Updated By: Sandeep KV (Auditor, On 11-01-2022) | 1-11-1 |
| 18 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Sandeep KV (Auditor, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-11-2 |
| 19 | ലൈസൻസ് അനുവദിക്കുന്നത് ക്രമപ്രകാരമായിരിക്കേണ്ടതാണ്<br>Written By: Sandeep KV (Auditor, On 23-11-2021)<br>Last Updated By: Sandeep KV (Auditor, On 11-01-2022) | 1-11-3 |
| 20 | വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല<br>Written By: Sandeep KV (Auditor, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-11-4 |
| 21 | എല്ലാ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്<br>Written By: Sandeep KV (Auditor, On 11-01-2022)<br>Last Updated By: Anish A (Computer Assistant, On 11-01-2022) | 1-12 |
| 22 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sandeep KV (Auditor, On 11-01-2022)<br>Last Updated By: Sandeep KV (Auditor, On 11-01-2022) | 1-12-1 |
| 23 | കരാറുകാരിൽ നിന്നും റേഷൻ കടകളിലെ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sandeep KV (Auditor, On 11-01-2022)<br>Last Updated By: Sandeep KV (Auditor, On 11-01-2022) | 1-12-2 |
| 24 | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായി പെർമിറ്റ് നൽകി<br>Written By: Sandeep KV (Auditor, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 11-01-2022) | 1-13 |
| 25 | അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Sandeep KV (Auditor, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-14 |
| 26 | വസ്തുനികുതി നിരക്കുകൾ- ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് നികുതി നിർണ്ണയം നടത്തേണ്ടതാണ്<br>Written By: Sandeep KV (Auditor, On 23-11-2021)<br>Last Updated By: Sandeep KV (Auditor, On 11-01-2022) | 1-15 |
| 27 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രൊജക്ടുകൾ രൂപീകരിക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Sandeep KV (Auditor, On 11-01-2022) | 1-16 |
| 28 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-17 |

| | | |
|---|---|---|
| 29 | അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് ഈടാക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Kanthaswami.I (Auditor, On 11-01-2022) | 1-18 |
| 30 | ഐ.സി.ഡി.എസ് ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ- പൂർത്തീകരണപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-19 |
| 31 | എസ്.എസ്.എ പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-20 |
| 32 | എ.ബി.സി പ്രോഗ്രാം -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-21 |
| 33 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പദ്ധതി നടപ്പിലാക്കിയില്ല<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-22 |
| 34 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്- ഒരേ ഗുണഭോക്താവിന് രണ്ട് പ്രാവശ്യം ആനുകൂല്യം നൽകി<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-23 |
| 35 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരമുള്ള തുക അനുവദിക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Kanthaswami.I (Auditor, On 11-01-2022) | 1-24 |
| 36 | ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ട് നടപ്പാക്കിയില്ല<br>Written By: Sandeep KV (Auditor, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-25 |
| 37 | വെറ്ററിനറി സർജൻ നിർവഹണഉദ്യോഗസ്ഥനായി നിർവഹണം നടത്തിയ പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നില്ല<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-26 |
| 38 | വെറ്ററിനറി ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ വാങ്ങൽ - യു.പി.എസ്, പ്രിന്റർ എന്നിവ ലഭിച്ചിട്ടില്ല<br>Written By: Kanthaswami.I (Auditor, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-27 |
| 39 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ- സ്റ്റോർസ് പർച്ചേസ് മാനവൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകളനുസരിച്ചുള്ള ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചില്ല<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 12-01-2022) | 1-28 |
| 40 | ഡെപ്പോസിറ്റ് പ്രവൃത്തി- കേരള വാട്ടർ അതോറിറ്റി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-29 |

| | | |
|---|---|---|
| | Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | |
| 41 | ഡെപ്പോസിറ്റ് പ്രവൃത്തി-കെ.എസ്.ഇ.ബി യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-30 |
| 42 | ദുരിദാശ്വാസ നിധി കാര്യക്ഷമമാക്കണം<br>Written By: T.K.Naseer (Audit Officer, On 06-01-2022)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 1-31 |
| 43 | തെരുവ് വിളക്ക് പരിപാലനം-എല്ലാ വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതും സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 13-01-2022) | 1-32 |
| 44 | കണ്ടിജന്റ് ചെലവുകൾ -പരിധി പാലിക്കുന്നില്ല<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-33 |
| 45 | വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-34 |
| 46 | തെരുവ് വിളക്ക് എ.എം.സി -അപാകതകൾ<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-35 |
| 47 | ദിവസവേതന അടിസ്ഥാനത്തിൽ അംഗീകാരമില്ലാതെ നിയമിച്ചു<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-36 |
| 48 | ശ്മശാന നവീകരണം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-37 |
| 49 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -അവലോകനം<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-38 |
| 50 | ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും തെരുവു വിളക്കുകൾ നേരിട്ടു വാങ്ങി<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 12-01-2022) | 1-39 |
| 51 | കുമ്പളംചോല സ്കൂൾപ്പടിയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-ടെണ്ടർ നടപടികൾ പാലിക്കാതെ സിൽക്കിൽ നിന്നും നേരിട്ടു വാങ്ങിയത് ക്രമപ്രകാരമല്ല<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 12-01-2022) | 1-40 |
| 52 | തെരുവ് വിളക്ക് വാങ്ങൽ കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രം ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-41 |
| 53 | ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ KSIE എന്ന സ്ഥാപനത്തിൽ | 1-42 |

| | | |
|---|---|---|
| | നിന്നും നിന്നും തെരുവ് വിളക്കുകൾ വാങ്ങിയത് ക്രമപ്രകാരമല്ല<br>Written By: M.sivaprasad (Asst. Audit Officer, On 23-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | |
| 54 | സാക്ഷരതാ പ്രേരകിന് അനുവദിച്ച ഹൊണറേറിയം - 17200 രൂപ ക്രമീകരിച്ചിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 24-11-2021)<br>Last Updated By: Anish A (Computer Assistant, On 10-01-2022) | 1-43 |
| 55 | വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്ക് -മോണിട്ടറിംഗ് കാര്യക്ഷമമാക്കണം<br>Written By: T.K.Naseer (Audit Officer, On 25-11-2021)<br>Last Updated By: Anish A (Computer Assistant, On 11-01-2022) | 1-44 |
| 56 | കുടിവെള്ള പദ്ധതിക്ക് മോട്ടോർ -പഴയ മോട്ടോർ സ്റ്റോക്കിലെടുത്തിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 25-11-2021)<br>Last Updated By: Anish A (Computer Assistant, On 11-01-2022) | 1-45 |
| 57 | ടാറിംഗ് പ്രവൃത്തി -ബാരൽ വില ബില്ലിൽ കുറവ് ചെയ്യാത്തത് ഈടാക്കി<br>Written By: T.K.Naseer (Audit Officer, On 25-11-2021)<br>Last Updated By: Anish A (Computer Assistant, On 11-01-2022) | 1-46 |
| 58 | കുടിവെള്ള പദ്ധതിക്ക് മോട്ടോർ-പഴയ മോട്ടോർ സ്റ്റോക്കിലെടുത്തില്ല<br>Written By: T.K.Naseer (Audit Officer, On 25-11-2021)<br>Last Updated By: Anish A (Computer Assistant, On 11-01-2022) | 1-47 |
| 59 | മരാമത്ത് പ്രവർത്തി -പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കിയില്ല<br>Written By: T.K.Naseer (Audit Officer, On 25-11-2021)<br>Last Updated By: Anish A (Computer Assistant, On 12-01-2022) | 1-48 |
| 60 | വനിതാ കാന്റീൻ -ടസ്റ്റ് വർക്ക് അധിക നിരക്ക് അനുവദിച്ചു<br>Written By: T.K.Naseer (Audit Officer, On 25-11-2021)<br>Last Updated By: Anish A (Computer Assistant, On 11-01-2022) | 1-49 |
| 61 | മരാമത്ത് പ്രവൃത്തി -അവലോകനം<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: Anish A (Computer Assistant, On 11-01-2022) | 1-50 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-11-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Anish A (Computer Assistant, On 11-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Anish A (Computer Assistant, On 11-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |

| | | |
|---|---|---|
| | Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Sandeep KV (Auditor, On 09-11-2021) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Anish A (Computer Assistant, On 12-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Sandeep KV (Auditor, On 09-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Anish A (Computer Assistant, On 11-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Anish A (Computer Assistant, On 11-01-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 25-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: Anish A (Computer Assistant, On 12-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sandeep KV (Auditor, On 09-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 15-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

## ഭാഗം -1

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

23-03-2020-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. (1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പാസാക്കിയതിന്റെ വിവരം ലഭ്യമായില്ല. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3656734 |
| വരവ് | 325479995 |
| ആകെ | 329136729 |
| ചെലവ് | 325663000 |
| നീക്കിയിരിപ്പ് | 3473729 |

### 1-1-1 ബജറ്റ് -യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്

| | ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3656734 | 40147695 |
| വരവ് | 325479995 | 92482502 |
| ആകെ | 329136729 | 132630197 |
| ചെലവ് | 325663000 | 84960399 |
| നീക്കിയിരിപ്പ് | 3473729 | 17560422 |

യഥാർത്ഥ വരവു ചെലവുകളും ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. യഥാർത്ഥ്യ ബോദ്ധ്യത്തോടുകൂടിയുള്ള ബജറ്റ് തയ്യാറാക്കുന്നുണ്ടെന്ന് ഉദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയു ഭരണസമിതിയും ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 01-06-21 | ----- | ----- |

## 1-2-1 വാർഷിക കണക്ക്-അപാകതകൾ

1) MNREGS അഡ്മിനിസ്ട്രേഷൻ ചെലവുകൾ ശരിയായ ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ (RP-16) 1257267 രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. MNREGS ക്യാഷ് ബുക്ക് പ്രകാരം യഥാർത്ഥ അഡ്മിനിസ്ട്രേഷന് ചെലവ് 1941677 രൂപയാണ്

2) ലൈഫ് ഭവന പദ്ധതി സംസ്ഥാന വിഹിതം 5000000 രൂപ ലഭിച്ചത് Grant Fund & Contribution Specific Purposes-other Than Development Fund എന്ന ശീർഷകത്തിൽ വരവു വെക്കുന്നതിന് പകരം Grant Fund & Contribution Specific Purposes-other Than Development Fund എന്ന ശീർഷകത്തിൽ 1800000 രൂപയും Other Awards From State Govt എന്ന ശീർഷകത്തിൽ 3200000 രൂപയുമാണ് വരവ് വെച്ചിരിക്കുന്നത്.

3) സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഫണ്ടിൽ 1200000 രൂപ നീക്കിയിരുപ്പ് (B-4) കാണുന്നു. എന്നാൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിന് 1195898 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. രജിസ്റ്റർ പ്രകാരം നീക്കിയിരുപ്പ് 4102 രൂപയാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 40147695 |
| വരവ് | 92482532 |
| ആകെ | 132630197 |
| ചെലവ് | 115069775 |
| നീക്കിയിരിപ്പ് | 17560422 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 18371616 | 18371616 | 18371616 | 0 | 100% |
| പ്ലാൻ (SCP) | 0 | 7798745 | 7798745 | 7231477 | 567268 | 93% |
| പ്ലാൻ (TSP) | 0 | 1549745 | 1549745 | 1519186 | 30559 | 98% |
| CFC(BASIC ) | 0 | 14950973 | 14950973 | 12328015 | 2622958 | 82% |
| CFC (TIED) | 0 | 8160000 | 8160000 | 4044251 | 4115749 | 50% |
| റോഡ് (MG) | 0 | 11982000 | 11982000 | 11803222 | 178778 | 99% |
| റോഡിതരം (MG) | 0 | 5832406 | 5832406 | 5805525 | 26881 | 99% |

കേന്ദ്രാവിഷ്കൃതം

1. ICDS, TSC, BRGF

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 823921 | 1157757 | 1981678 | 1373385 | 608293 |
| TSC കേന്ദ്രവിഹിതം | 2522037 | 3072567 | 5594604 | 2870557 | 2724047 |
| BRGFകേന്ദ്രവിഹിതം | 3760 | 0 | 3760 | 0 | 3760 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 26878 | 91873 | 118751 | 85603 | 33148 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളി കളുടെ വേതനം | 0 | 42378123 | 42378123 | 42378123 | 0 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-1 | 50461 | 190000 | 240461 | 190000 | 50461 |
| കോർപ്പസ്സ് ഫണ്ട് | 10010585 | 0 | 10010585 | 6791694 | 3218891 |
| ലൈഫ് | 0 | 1500000 | 1500000 | 1100000 | 400000 |

## 1-4-1 ഫണ്ട് വിനിയോഗം-0.74 കോടി സർക്കാർ ഗ്രാന്റ് ലാപ്സാക്കി

തൻവർഷം ലഭ്യമായ 5.21 കോടി രൂപയിൽ 4.4 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. സമയബന്ധിതമായി ചെലവഴിക്കാത്തതിനാൽ 0.74 കോടി ലാപ്സായിട്ടുണ്ട്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 18371616 | 18371616 | 18371616 | 0 | 100% |
| പ്ലാൻ (SCP) | 0 | 7798745 | 7798745 | 7231477 | 567268 | 93% |
| പ്ലാൻ (TSP) | 0 | 1549745 | 1549745 | 1519186 | 30559 | 98% |
| CFC (BASIC ) | 0 | 14950973 | 14950973 | 12328015 | 2622958 | 82% |
| CFC (TIED) | 0 | 8160000 | 8160000 | 4044251 | 4115749 | 50% |
| റോഡ് (MG) | 0 | 11982000 | 11982000 | 11903222 | 78778 | 99% |
| റോഡിതരം (MG) | 0 | 5832406 | 5832406 | 5805525 | 26881 | 99% |
| ആകെ | 0 | 52111035 | 52111035 | 44668842 | 7442193 | 86% |

പദ്ധതികളുടെ സമയ ബന്ധിതമായ നിർവ്വഹണം നടത്തുവാൻ മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 399 | 109127998 | 341 | 82380910 | 0 | 58 | 85% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 26878 | 91873 | 118751 | 85603 | 33148 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 42378123 | 42378123 | 42378123 | 0 |
| ആകെ | 26878 | 42469996 | 42496874 | 42463726 | 33148 |

(വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല)

## 1-6-1 തൊഴിലുറപ്പ് പദ്ധതി-അവലോകനം

2020-21 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ 372 ആണ്. ഇവർക്കെല്ലാം തന്നെ തൊഴിൽ കാർഡുകൾ ലഭിച്ചവരാണ്. ഇവയിൽ സ്പിൽഓവറായി 184 പദ്ധികൾക്കുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രൊജക്റ്റുകൾക്കായി 159607810 രൂപ അടങ്കലായി വകയിരുത്തിയിട്ടുണ്ട്. 184 പദ്ധതികളാണ് 2020-21 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചത്. ആയതിൽ 135 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലൂടെ 2561 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇവർക്കെല്ലാം തന്നെ തൊഴിൽ ലഭിച്ചിട്ടുമുണ്ട്. എന്നാൽ 376 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുള്ളത്. സാധന സാമഗ്രികൾ ഉൾപ്പെട്ട 49 പ്രവൃത്തികളുണ്ട്.

നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| ക്രമ നം. | വിശദാംശം | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 372 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 372 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 2201 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 159607810 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 184 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 135 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 49 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 42555599 |
| 9 | തൻവർഷത്തെ ചെലവ് | 42522451 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2567 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2567 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 376 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 49 |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | ഇല്ല |

സാധനസാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികൾ താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്.

| പ്രവൃത്തി | എണ്ണം |
|---|---|
| റോഡ് | 40 |

| | |
|---|---|
| കോഴിക്കൂട് | 0 |
| ആട്ടിൻകൂട് | 1 |
| തൊഴുത്ത് | 8 |
| കയർ ഭൂവസ്ത്രം | 0 |
| ആകെ ചെലവ് | 12529149 |

## 1-6-2 MGNREGS മെറ്റീരിയൽ പർച്ചേയസ് -അപാകതകൾ

2020-21 വർഷത്തിൽ MGNREGS പദ്ധതി പ്രകാരം മെറ്റീരിയലുകൾ ഉൾപ്പെടുന്ന 16 റോഡ് പ്രവൃത്തികളാണ് ഉണ്ടായിരുന്നത്. ഈ പ്രവൃത്തികൾക്ക് ആവശ്യമായ കരിങ്കല്ല് (40mm, 20mm, 10mm), പാറമണൽ, സിമന്റ് എന്നിവ വിതരണം ചെയ്യുന്നതിനായി പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത വിതരണക്കാരുടെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.

2017 ലെ കേന്ദ്ര-സംസ്ഥാന ജി.എസ്.ടി നിയമങ്ങൾ അനുസരിച്ച് കരാർ തുക 2.50 ലക്ഷത്തിൽ അധികരിക്കുകയാണെങ്കിൽ കരാറുകാരന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് തുകയായ 2% (1% – CGST, 1% –SGST) ഈടാക്കേണ്ടതാണ്.

താഴെപ്പറയുന്ന പ്രവർത്തികൾക്ക് മെറ്റീരിയൽ പർച്ചേസ് നടത്തിയിട്ടുണ്ട്.

| നം. | പ്രവൃത്തി/വാർഡ്/കോൺട്രാക്ടർ | മെറ്റീരിയൽ തുക | FTO NO:/ DATE |
|---|---|---|---|
| 1 | വർമ്മംക്കോട് റോഡ് കോൺക്രീറ്റ് (W-6)<br>കോൺട്രാക്ടർ :മുസ്തഫ | 118559 | 224507/25.1.21 |
| 2 | വർമ്മംക്കോട് റോഡ് കോൺക്രീറ്റ് (W-2)<br>കോൺട്രാക്ടർ :മുസ്തഫ | 117861 | 285782/25.1.21 |
| 3 | കുറ്റിക്കോട് റോഡ് കോൺക്രീറ്റ് (W-3)<br>കോൺട്രാക്ടർ :വിശ്വനാഥൻ | 116678 | 285786/25.1.21 |
| 4 | ഒപ്പത്ത് റോഡ് കോൺക്രീറ്റ് (W-5)<br>കോൺട്രാക്ടർ :ഷാജി | 338907 | 237751/25.1.21 |
| 5 | ജോഷിപ്പടി റോഡ് കോൺക്രീറ്റ് (W-1)<br>കോൺട്രാക്ടർ :ഷാജി | 117598 | 464619/25.1.21 |
| 6 | ചേലേങ്കര റോഡ് കോൺക്രീറ്റ് (W-1)<br>കോൺട്രാക്ടർ :ഗോവിന്ദൻക്കുടി | 217628 | 464619/25.1.21 |
| 7 | കുമ്പാരംക്കുന്ന് റോഡ് കോൺക്രീറ്റ് (W-6)<br>കോൺട്രാക്ടർ :സുലൈമാൻ | 218478 | 231938/25.1.21 |
| 8 | മുണ്ടക്കുന്ന്റോഡ് കോൺക്രീറ്റ് (W-6)<br>കോൺട്രാക്ടർ :ഗോവിന്ദൻക്കുടി | 331946 | 471718/25.1.21 |
| 9 | അമ്പാഴക്കോട് കോൺക്രീറ്റ് (W-5)<br>കോൺട്രാക്ടർ :ബാലകൃഷ്ണൻ | 117362 | 4327/25.7.20 |
| 10 | കല്ലമല റോഡ് കോൺക്രീറ്റ് (W-3)<br>കോൺട്രാക്ടർ :രാധാകൃഷ്ണൻ | 323920 | 465099/25.1.21 |
| 11 | കല്ലംകുളം റോഡ് കോൺക്രീറ്റ് (W-9)<br>കോൺട്രാക്ടർ :സുലൈമാൻ | 117768 | 4318/29.7.20 |

| | | | |
|---|---|---|---|
| 12 | പാണ്ടിപ്പാടംറോഡകോൺക്രീറ്റ് (W-12)<br>കോൺട്രാക്ടർ :സുലൈമാൻ | 135425 | 3221/29.7.20 |
| 13 | ബാലൻപ്പടി റോഡ് കോൺക്രീറ്റ് (W-8)<br>കോൺട്രാക്ടർ :വിശ്വനാഥൻ | 132365 | 4323/29.7.20 |
| 14 | ജൈക്കം കോളനി റോഡ് കോൺക്രീറ്റ് (W-4)<br>കോൺട്രാക്ടർ :സുലൈമാൻ | 132365 | 6763/29.7.20 |
| 15 | തരിശ്ശിപ്പാടംറോഡ് കോൺക്രീറ്റ് (W-14)<br>കോൺട്രാക്ടർ :സുലൈമാൻ | 130336 | 4324/29.7.20 |
| 16 | പുല്ലട്ട ചൂരിയോട് റോഡ് കോൺക്രീറ്റ് (W-15)<br>കോൺട്രാക്ടർ :മുസ്തഫ | 332636 | 63821/21.1.21 |

അപാകതകൾ

1. ടെൻണ്ടർ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല
2. പ്രൊക്യൂർമെന്റ് കമ്മറ്റി മിനിറ്റ്സ് ലഭ്യമാക്കിയിട്ടില്ല
3. കംപാരക്ടീവ് സ്റ്റേറ്റ്മെൻറ് ലഭ്യമാക്കിയിട്ടില്ല
4. ടെണ്ടർ ഫോറം വില നിശ്ചിത നിരക്കിലല്ല ഈടാക്കിയിട്ടുള്ളത്
5. ടെണ്ടർ ഫോറം വില തുക അടവാക്കിയ വിവരം ലഭ്യമല്ല
6 . നിശ്ചിത നിരക്കിലുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് വച്ചിട്ടില്ല
7. കോൺട്രാക്ടർമാർ സമർപ്പിച്ച ബിൽ ഇൻവോയ്സ് E WAY BILL അല്ല (മാന്വൽ ബില്ലുകളാണ്)
8 മെറ്റീരിയൽ കളക്ഷന് ആകെ മെറ്റീരിയലിന് ടെൻണ്ടർ ക്ഷണിക്കുന്നതിന് പകരം പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷിണിച്ചു.
9. ബിൽ ഇൻവോയ്സ് MGNREGS എൻജിനിയർ വാല്യുവേഷൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല
10.ക്രമനം: 4,8,10,16 എന്നീ ബിൽ ഇൻവോയ്സുകളിൽ നിന്ന് 2% TDS ഈടാക്കി അടവാക്കിയിട്ടില്ല.മറ്റ് ബില്ലുകളിൽക്ലയിം ചെയ്ത GST അടവ് വിവരം ഉറപ്പാക്കിയിട്ടില്ല.
10. മോണിട്ടറിങ് റിപ്പോർട്ട് ഇല്ല

## 1-7 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.11.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8435/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പെൻഷനുകൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | വിവാഹധന സഹായം | 90000 | 3 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 2584800 | 956 |
| 3 | വിധവാ പെൻഷൻ | 10792800 | 3779 |

| | | | |
|---|---|---|---|
| 4 | വാർദ്ധക്യകാല പെൻഷൻ | 19527600 | 6943 |
| 5 | വികലാംഗ പെൻഷൻ | 2522500 | 890 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 517800 | 89 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

വസ്തു നികുതി, തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിൽ സെക്ഷനുകൾ കൃത്യത ഉറപ്പാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥർ പരിശോധിക്കാത്തതിനാൽ നികുതിയിനത്തിൽ കുറവുണ്ടാകുന്നുണ്ട്. സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ കാലാകാലങ്ങളിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഉറപ്പാക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയോ ബാക്കി തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. വായ്പാ തുകയുടെ തിരിച്ചടവിന്റെ കൃത്യത നിരീക്ഷിക്കുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2003 മുതൽക്കുള്ള ഡപ്പോസിറ്റ് തുകകൾ പഞ്ചായത്തിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. വിവിധ സെക്ഷനുകൾക്ക് ഏൽപ്പിച്ച നൽകുന്ന ചുമതലകൾ സമയബന്ധിതമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനായി ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തി തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണ സമിതിയുടേയും ഇടപെടലുകൾ കാര്യക്ഷമമല്ല. പഞ്ചായത്ത് പരിധിയൽ പ്രവർത്തിക്കുന്ന “കാഞ്ഞിരപ്പുഴ ഡാം, ഉദ്യാനം” എന്നിവയിൽ നിന്ന് ടാക്സ് ഇനത്തിലോ ലൈസൻസ് ഇനത്തിലോ വരുമാന മാർഗങ്ങൾ ഉണ്ടാക്കുന്നതിന്ന് പഞ്ചായത്തിന്റ ഭഗത്തു നിന്ന് ആലോചന ഉണ്ടായിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.11.2021 | 8/21 മുതൽ 9/21 വരെ | 6.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.7.2005 മുതൽ 30.7.2005 വരെ | 1997 മുതൽ 2005 വരെ | 2.3.2006 |

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുമുണ്ട്. എന്നാൽ 2019-20 വർഷത്തെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയോ ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെത്തുകയോ ആയതിന് അനുസൃതമായി ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.

പുതുക്കിയ ചട്ടപ്രകാരം മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കിയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും ഫീസ് ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-11-1 ലൈസൻസ് - റേഷൻകടകളിൽനിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ഒന്നും തന്നെ ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

1-11-2 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഫീ ഡിമാന്റ് കൃത്യത ഉറപ്പാക്കുന്നതിന് ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്.

1-11-3 ലൈസൻസ് അനുവദിക്കുന്നത് ക്രമപ്രകാരമായിരിക്കേണ്ടതാണ്

2020-21 വർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ച് നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണ്ണയിച്ച് ഈടാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5എ, 12, 13 പ്രകാരം ലൈസൻസിനുള്ള അപേക്ഷകൾ ലഭിച്ചതും പ്രസ്തുത സ്ഥാപനങ്ങൾ സെക്ഷൻ ക്ലർക്ക് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് സെക്രട്ടറി പരിശോധിച്ച് ലൈസൻസ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതുമാണ്. എന്നാൽ ലൈസൻസിനായുള്ള മിക്ക അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടില്ലാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം: 10/20-21/15.11.21 ) സമർപ്പിച്ച മറുപടിയിൽ നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന്

അറിയിച്ചിട്ടുണ്ട്.

1-11-4 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ, ഉപയോഗിക്കുന്നതിനോ പട്ടിക iii പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. എന്നാൽ സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി. അപേക്ഷകളിൽ ഉപയോഗിക്കുന്ന കുതിരശക്തിയുടെ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ കൃത്യമായവിവരങ്ങൾ ലഭ്യമല്ല. ഫീസ് ഈടാക്കിയിട്ടില്ലാത്ത ഏതാനം അപേക്ഷകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ, രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം | ഉപയോഗിക്കുന്ന കുതിര ശക്തി | ചുമത്താവുന്ന അധിക ഫീസ് |
|---|---|---|---|---|
| 1 | Muhammad Yakkoob, 34 | TKM Service Station | 8 HP | 100 |
| 2 | C.Hassan, 21 | Haraffa Rubberwood | 148 HP | 2000 |
| 3 | C.Hassan, 20 | Haraffa Industries | 65 HP | 1000 |
| 4 | Ramadas, 2 | Jisha Flourmill | 7.5 HP | 100 |

ലൈസൻസ് ഫീസിനത്തിൽ ലഭ്യമാകേണ്ട തുക സ്ഥാപന ഉടമയിൽ നിന്നും ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം: 10/20-21/15.11.21 )സമർപ്പിച്ച മറുപടിയിൽ തുടർനടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

1-12 എല്ലാ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധ വർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽനികുതി അടച്ചതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക വരുത്തിയ |
|---|---|---|

| | | സാമ്പത്തിക വർഷം |
|---|---|---|
| 1 | നിർമല എ.എൽ.പി.എസ് | I&II അർദ്ധവർഷം |
| 2 | ജി.എൽ.പി.എസ് , പുളിക്കൽ | II അർദ്ധവർഷം |
| 3 | ജി.എൽ.പി.എസ്, വിയ്യകുറിശ്ശി | II അർദ്ധവർഷം |
| 4 | ലിട്ടിൽ കിംഗ്ഡം സ്കൂൾ, കാഞ്ഞിരപ്പുഴ | I&II അർദ്ധവർഷം |
| 5 | കെ.എസ്.ഇ.ബി, കല്ലടിക്കോട് | II അർദ്ധവർഷം |
| 6 | വെറ്ററിനറി ഡിസ്പെൻസറി | II അർദ്ധവർഷം |
| 7 | ക്ഷീരോല്പാദക സഹകരണസംഘം, ഇരുമ്പകച്ചോല | I&II അർദ്ധവർഷം |
| 8 | പോസ്റ്റ് ഓഫീസ് , ത്രുക്കാളൂർ | I&II അർദ്ധവർഷം |
| 9 | പോസ്റ്റ് ഓഫീസ്, കാഞ്ഞിരപ്പുഴ | I&II അർദ്ധവർഷം |
| 10 | കെ.ആർ.ഐ.പി ഡിവിഷൻ നം. 1 | II അർദ്ധവർഷം |
| 11 | ക്ഷീരോല്പാദക സഹകരണസംഘം, വിയ്യകുറിശ്ശി | I&II അർദ്ധവർഷം |
| 12 | കെ.ആർ.ഐ.പി സബ്ഡിവിഷൻ നം.3 | I&II അർദ്ധവർഷം |
| 13 | ക്ഷീരോല്പാദക സഹകരണസംഘം, പൊറ്റശ്ശേരി | I&II അർദ്ധവർഷം |
| 14 | ഷിഫാ ക്ലിനിക് | I&II അർദ്ധവർഷം |

കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കേണ്ടതാണ്.

### 1-12-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക വരുത്തിയ സാമ്പത്തിക വർഷം |
|---|---|---|
| 1 | എസ്.ബി.ഐ, പൊറ്റശ്ശേരി | I&II അർദ്ധവർഷം |
| 2 | മണപ്പുറം ഫിനാൻസ് | I&II അർദ്ധവർഷം |
| 3 | ക്ഷീരോല്പാദക സഹകരണസംഘം, ഇരുമ്പകച്ചോല | I&II അർദ്ധവർഷം |
| 4 | മണ്ണാർക്കാട് റബർ എസ്റ്റേറ്റ് | I&II അർദ്ധവർഷം |
| 5 | കോട്ടക്കൽ ആര്യവൈദ്യശാല | I&II അർദ്ധവർഷം |
| 6 | സൗത്ത് ഇൻഡ്യൻ ബാങ്ക് | II അർദ്ധവർഷം |
| 7 | ക്ഷീരോല്പാദക സഹകരണസംഘം, വിയ്യകുറിശ്ശി | I&II അർദ്ധവർഷം |
| 8 | ക്ഷീരോല്പാദക സഹകരണസംഘം, പൊറ്റശ്ശേരി | I&II അർദ്ധവർഷം |
| 9 | ഗ്രീൻവാലി ഓയിൽസ് | I&II അർദ്ധവർഷം |

### 1-12-2 കരാറുകാരിൽ നിന്നും റേഷൻ കടകളിലെ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ് മെന്റ് വാങ്ങിയതായോ തൊഴിൽ നികുതി അടച്ചതായോ കാണുന്നില്ല. ഇവർ മറ്റേതെങ്കിലും പഞ്ചായത്തിൽ

തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം കരാറുകാരുടെ തൊഴിൽ നികുതി "Presumptive Profession Tax" നിയമാനുസൃതമാവുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് . കരാറുകാരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. വി.മനാഫ് 2. വി.മുഹമ്മദ് മുസ്തഫ

3. യു.സക്കീർ 4. ടി.ദിലീപ്

5. എം.മുഹമ്മദ് കുട്ടി 6. സി.മുഹമ്മദ്

7. സി.പി.ഉമ്മർ 8. കെ.ശശിധരൻ

9. എം.വിശ്വനാഥൻ 10. എം.കെ.ബാലകൃഷ്ണൻ

11. ടി.കെ.മുസ്തഫ 12. ടി.കെ.അക്ബർ അലി

13. ടി.സി.രാധാകൃഷ്ണൻ 14. ടി.രാമരാജൻ

15. കെ.അഷറഫലി 16. കെ.രാജൻ

17. താജുദ്ദീൻ 18. സി.യൂസഫ്

19. അർജ്ജുൻ സോമൻ 20. പി.മാത്യുജോസഫ്

21. വിഷ്ണുപ്രസാദ്.ടി.നായർ 22. ടി.ഷംസുദ്ദീൻ

23. എം.സുലൈമാൻ 24. കെ.സുരേഷ്ബാബു

25. വേണുഗോപാലൻ 26. കെ.ഗോവിന്ദൻകുട്ടി

27. കെ.വേലായുധൻ 28. എം.കോയക്കുട്ടി

29. ടോണി സെബാസ്റ്റ്യൻ 30. എം.വി.യാക്കൂബ്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 10 റേഷൻ കടകൾ പ്രവർത്തിക്കുന്നതായി ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. റേഷൻ കടകളിലെ ജീവനക്കാരുടെ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകി ഓഡിറ്റ് എൻക്വയറി നം. 50/ 22.11.21 ന് അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

1. സ്വകാര്യ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഡിമാൻഡ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-13 നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായി പെർമിറ്റ് നൽകി

2020-21 ലെ പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ അപേക്ഷകർ സമർപ്പിച്ച രേഖകൾ പ്രകാരം കൈവശാവകാശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളവർക്കും പരിശോധനകൾ ഒന്നും ഇല്ലാതെ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 2008 ലെ

കേരള തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 12(9) പ്രകാരം 4.04 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120 ച.മീ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനും 2.02 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 40 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുവാനും യാതൊരു അനുമതിയും ആവശ്യമില്ലാത്തതാണ്. ഈ ഒഴിവാക്കൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഉടമസ്ഥർക്കു മാത്രമാണെന്ന് 2008 ലെ നിയമത്തിലും ചട്ടങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. വിജ്ഞാപനം ചെയ്യപ്പടാത്ത ഭൂമിയുടേയെ കെട്ടിടത്തിന്റേയോ വിസ്തൃതി ഈ പരിധിയേക്കാൾ അധികരിക്കുകയാണെങ്കിൽ ആർ.ഡി.ഒ യുടെ പരിവർത്തനാനുമതി ആവശ്യമാണ്. ഡാറ്റാ ബാങ്കിലും വില്ലേജ് രേഖകളിലും നിലം ആയ വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിലെ നിർമ്മാണത്തിന് പ്രാദേശിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാതലഅധികൃത സമിതിയുടെ പരിശോധനയിന്മേൽ ആർ.ഡി.ഒ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

സൈറ്റ് പരിശോധനാ റിപ്പോർട്ടിൽ "ഭൂമിയുടെ തരം നിലം എന്ന് കാണുന്നു" എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയാണോ എന്നും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം പ്രാബല്യത്തിൽ വന്ന 12.08.2008 ന് ശേഷം വാങ്ങിയ ഭൂമിയാണോ എന്നും പരിശോധന നടത്താതെയും ആർ.ഡി.ഒ യിൽ നിന്നുള്ള അനുമതി ഇല്ലാതെയുമാണ് പെർമിറ്റും കെട്ടിട നമ്പരും അനുവദിച്ചിട്ടുള്ളത്. ആയത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.പരിശോധനാ റിപ്പോർട്ടിൽ ഡാറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലമാണ് എന്ന് രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകളിലും തുടർപരിശോധനകൾ ഒന്നും ഇല്ലാതെ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച കാലോചിതമായ ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങൾക്കും വിധേയമാണെന്ന് ഉറപ്പ് വരുത്താൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്. ഏതാനും ഫയലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര്, പെർമിറ്റ് നം. | സർവ്വേ നമ്പർ, വിസ്തീർണ്ണം(മീറ്റർ സ്ക്വയർ) | ഏരിയ (ആർ) | ഭൂമിയുടെ തരം(പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം ) |
|---|---|---|---|---|
| 1 | ബൈജു, A1-2786/21 27.04.2021 | 62/3-2-2 86.26 പാർപ്പിടം | 0.0203 | നിലം |
| 2 | മഹേഷ്, A1-2538/23.04.21 | 62/2 64.27 പാർപ്പിടം | 0.0384 | നിലം |
| 3 | രാജേഷ്, A6-95133/16.04.21 | 83/1A-1-1-2 113.73 പാർപ്പിടം | 0.0425 | നിലം |
| 4 | ഗീതുലക്ഷ്മി, A6-79608/20.03.21 | 256/BA-14-2 120 പാർപ്പിടം (ഡാറ്റാബാങ്ക്) | 0.0404 | നിലം |
| 5 | മുഹമ്മദാലി, A1-253711/02.09.2019 | 261/9A 110.05 പാർപ്പിടം | 0.0297 | നിലം |
| 6 | ഷക്കീന, A1-251431/ 07.08.2019 | 32/1 39 വാണിജ്യം | 0.0809 | നിലം |

| | | | | |
|---|---|---|---|---|
| 7 | അനിക്കുട്ടൻ, A1-257292/ 02.09.2019 | 256/8A<br>41.73 + 27.08<br>പാർപ്പിടം + വാണിജ്യം | 0.0479 | നിലം |
| 8 | വഹീദ്, A1-3959/27.07.2019 | 7/1<br>119.75<br>പാർപ്പിടം | 0.0405 | നിലം |
| 9 | സോജൻ തോമസ്, A1-302067/29.07.2019 | 104/1A1<br>87.54<br>പാർപ്പിടം | 0.0405 | നിലം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 37/20.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദേശം

1. 2008 ലെ കേരള തണ്ണീർത്തട സംരക്ഷണ ചട്ടം പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് മാത്രം പെർമിറ്റ് നൽകേണ്ടതാണ്

2. ആർ.ഡി.ഒ യുടെ പരിവർത്തനാനുമതി ഇല്ലാതെ പെർമിറ്റ് നൽകിയത് അന്വേഷണവിധേയമാക്കുവാൻ ശുപാർശ ചെയ്യുന്നു.

1-14 അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്

അനധികൃത നിർമ്മാണങ്ങളുടെ വിവിരം കാണിക്കുന്ന രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 38 കെട്ടിടങ്ങളാണ് ഉള്ളത്. ഇവയുടെ വിശദാംശം താഴെ ചേർക്കുന്നു.

2016 ലെ കെട്ടിടങ്ങൾ- 15 എണ്ണം

2017 ലെ കെട്ടിടങ്ങൾ- 17 എണ്ണം

2018 ലെ കെട്ടിടങ്ങൾ- 6എണ്ണം

ഇവയ്ക്ക് യു.എ നമ്പർ നൽകി നിയമാനുസൃത വസ്തുനികുതി ഈടാക്കുന്നുണ്ട്. എന്നാൽ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോളും ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടേയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടേയും വിവരം സർക്കാറിനെ അറിയിക്കേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഈ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നില്ല. നാളിതുവരെ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതായും കാണുന്നില്ല. അനധികൃത നിർമ്മാണങ്ങൾക്കെതിര കെ.പി.ബി.ആർ, 2019 ലെ ചട്ടം 89, 90, 91 എന്നിവ അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതും സർക്കാരിലേക്ക് കൃത്യമായി റിപ്പോർട്ട് നൽകേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 38/20.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-15 വസ്തുനികുതി നിരക്കുകൾ- ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് നികുതി നിർണ്ണയം നടത്തേണ്ടതാണ്

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം

4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ) നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവുകളുടെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം "റസിഡൻഷ്യൽ ഹോംസ്റ്റേ" എന്ന ഉപയോഗക്രമത്തിന് നികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. (എൻക്വയറി നം.7/15.11.2021).

ഓഡിറ്റ് നിർദേശം

റസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിന് നികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതാണ്

## 1-16 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രൊജക്ടുകൾ രൂപീകരിക്കേണ്ടതാണ്

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | അങ്കണവാടികളുടെ എണ്ണം | 31 എണ്ണം |
| 2. | സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 29 എണ്ണം |
| 3 | കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായവ | ഇല്ല |
| 4 | കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭിക്കുന്നതിന് സാധ്യത യുള്ളത്. | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രണ്ട് അങ്കണവാടികൾക്ക് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. |
| 5 | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 2 എണ്ണം (C.No.57,71) |
| 6 | ടോയ്‌ലറ്റ് സൗകര്യം ഉള്ളവയുടെ എണ്ണം | 31 എണ്ണം |
| 7 | ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഉള്ളവ | ഇല്ല |
| 8 | ചുറ്റുമതിൽ ഉള്ളവയുടെ എണ്ണം | 25 എണ്ണം (C.No. 58,56,62,64,70,71 എന്നിവയ്ക്ക് ചുറ്റുമതിൽ ഇല്ല. C.No. 50 ഭാഗികം.) |
| 9 | വൈദ്യുതി ഉള്ളവ | 31 എണ്ണം |
| 10 | കുടിവെള്ളം ലഭ്യമായവ | 28 എണ്ണം ( C.No. 62, 71, 76 എന്നിവയ്ക്ക് കുടിവെള്ളം ഇല്ല.) |
| 11. | ഗ്യാസ് കണക്ഷൻ ഉള്ളവ | 31 എണ്ണം |

| | | |
|---|---|---|
| 12 | ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണോ അങ്കണവാടികൾ പ്രവർത്തിക്കുന്നത്? എല്ലാ വർഷവും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നുണ്ടോ? | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. |
| 13 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക നൽകുന്നത്. | സാമൂഹ്യ ക്ഷേമ വകുപ്പ്. |

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ പരിശോധിച്ചതിൽ 2 അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും 6 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ല എന്നും 3 അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ഇല്ല എന്നും കാണുന്നു. സാമൂഹ്യക്ഷേമം, സ്ത്രീകളുടേയും കുട്ടികളുടേയും വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പിലോ മറ്റ് യോഗങ്ങളിലോ ഈ വിഷയങ്ങൾ ചർച്ചകൾ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക് അനുസരിച്ച് (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4) ഐ.സി.ഡി.എസ് നുള്ള കേന്ദ്ര വിഹിതം 6,08,293/- രൂപ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നം. 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി (എസ്.എൻ.പി) ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗൻവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം സാധ്യതകൾ പരിശോധിച്ചതായും കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി നം. 29/19.11.2021 ന് ഓഡിറ്റ് നിർദേശാനുസരണം പ്രവർത്തിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശം

1. ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
2. ചെലവഴിക്കാതെ ശേഷിക്കുന്ന ഐ.സി.ഡി.എസ് നുള്ള കേന്ദ്ര വിഹിതം അംഗൻവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിനിയോഗിക്കാവുന്നതാണ്
3. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്നും സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ബിൽ പരിശോധന

നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ ഭാരത സർക്കാരിന്റെ ചെന്നൈയിലുള്ള റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. (മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്) 2020-21 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളുടെ ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ നിശ്ചയിക്കുന്നതിനായി സാമ്പിൾ അയച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പരിശോധന റിപ്പോർട്ട് ഹാജരാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31/19.11.2021 ന് മറുപടിയായി ലാബ് റിപ്പോർട്ട് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-18 അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് ഈടാക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷത്തിൽ അങ്കണവാടി പോഷകാഹാരം എന്ന പേരിൽ 3 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 104/20 | അങ്കണവാടി പോഷകാഹാരം (ജനറൽ) | 2716700(1466700- വികസന ഫണ്ട്, 1250000- കേന്ദ്രാ വിഷ്കൃത ഫണ്ട്) | 2715455 |
| 119/20 | അങ്കണവാടി പോഷകാഹാരം (എസ്.സി.പി) | 600000( 400000- വികസന ഫണ്ട് എസ്.സി.പി, 200000- കേന്ദ്രാവിഷ്കൃത ഫണ്ട്) | 599460 |
| 124/20 | അങ്കണവാടി പോഷകാഹാരം (ടി.എസ്.പി) | 300000 (200000- വികസന ഫണ്ട് ടി.എസ്.പി, 100000- കേന്ദ്രാവിഷ്കൃത ഫണ്ട്) | 278273 |

സി.ജി.എസ്.ടി ആക്ട്, 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട്, 2017 ലെ വകുപ്പ് 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം. 65/39/2018/DOR, സ.ഉ (പി)നം./2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്.

അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി 2020-21 സാമ്പത്തിക വർഷത്തിൽ നക്ഷത്ര കുടുംബശ്രീ യൂണിറ്റ്, മണ്ണാർക്കാട്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങിയതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുക അനുവദിച്ചപ്പോൾ 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഇൻവോയ്സ് നം./തിയതി | ബിൽ തുക | നികുതി ഒഴികെയുള്ള തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി – ടി.ഡി.എസ് |
|---|---|---|---|---|

| | | | | (2% നിരക്കിൽ) |
|---|---|---|---|---|
| | Project 104 | | | |
| 1 | 274/11.4.2020 | 149957 | 142817.5 | 2856.35 |
| 2 | 275/18.6.2020 | 108360 | 106470 | 2129.4 |
| 3 | 285/20.8.2020 | 166696 | 158760 | 3175.2 |
| 4 | 286/30.10.2020 | 116201 | 114067 | 2281.34 |
| 5 | 295/5.12.2020 | 167440 | 159468 | 3189.36 |
| 6 | 297/11.1.2021 | 114454 | 113397 | 2267.94 |
| 7 | 307/15.2.2021 | 159842 | 152232 | 3044.64 |
| 8 | 330/10.3.2021 | 107324 | 105384 | 2107.68 |
| 9 | 338/15.3.2021 | 126013 | 120015 | 2400.3 |
| 10 | 358/16.3.2021 | 128310 | 122202 | 2444.04 |
| | | | ആകെ | 25896.25 |
| | Project 119 | | | |
| 11 | 317/20.2.2021 | 162177 | 154455 | 3089.1 |
| 12 | 318/20.2.2021 | 102871 | 100925 | 2018.5 |
| 13 | 339/15.3.2021 | 72335 | 70975 | 1419.5 |
| 14 | 348/18.3.2021 | 120427 | 114695 | 2293.9 |
| 15 | 350/20.3.2021 | 69387 | 68197 | 1363.94 |
| | | | ആകെ | 7095.84 |
| | Proect 124 | | | |
| 16 | 328/20.2.2021 | 163949 | 156143 | 3122.86 |
| 17 | 360/20.3.2021 | 71183 | 69929 | 1398.58 |
| | | | ആകെ | 4521.44 |

മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32/19.11.2021 ന് മറുപടിയായി ഈ വർഷം മുതൽ ടി.ഡി.എസ് ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശം

സർക്കുലർ നം:ഡി.എ-1/87/2019/ത.സ്വ.ഭ.വ യ/8.9.2020 പ്രകാരം എല്ലാ ഡി.ഡി.ഒ മാരും ജി.എസ്.റ്റി. ടി.ഡി.എസ് രജിസ്ട്രേഷൻ എടുത്തിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് പാലിക്കേണ്ടതാണ്.

1-19 ഐ.സി.ഡി.എസ് ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ- പൂർത്തീകരണപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

ജി.ഒ(എംഎസ്)നം.11/2018/തസ്വഭവ 29.01.2018 ഖ 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ തന്നെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകളുടെ പൂർത്തീകരണപത്രം സുലേഖ

സോഫ്റ്റ്‌വെയറിൽ തയ്യാറാക്കേണ്ടതാണ്. ഖ.13.1 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ആയതു പ്രകാരം 2020-21 വർഷം പൂർത്തിയാക്കിയ പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 30/19.11.2021 ന് മറുപടിയായി കോവിഡ് സാഹചര്യത്തിലാണ് മോണിറ്ററിംഗ് നടത്താൻ കഴിയാതെ പോയത് എന്നും ഭാവിയിൽ മോണിറ്ററിംഗ് നടത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 എസ്.എസ്.എ പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണം - എൽ.പി സ്കൂൾ പ്രഥമാധ്യാപിക

| പ്രോജക്റ്റിന്റെ നമ്പരും പേരും | അടങ്കൽ | ചെലവ് | ബിൽ നം. & തീയതി |
|---|---|---|---|
| 201/21-എസ് എസ് എ വിഹിതം നൽകൽ -ജനറൽ | 9,00,000 (പ്ലാൻ ഫണ്ട്-ജനറൽ) | 9,00,000 | 3/30.06.2020 |
| 209/21-എസ് എസ് എ വിഹിതം നൽകൽ - എസ്.സി.പി | 3,00,000 (പ്ലാൻ ഫണ്ട്-എസ്.സി.പി) | 3,00,000 | 4/30.06.2020 |
| 216/21-എസ് എസ് എ വിഹിതം നൽകൽ - ടി.എസ്.പി | 2,00,000 (പ്ലാൻ ഫണ്ട്-ടി.എസ്.പി) | 2,00,000 | 5/30.06.2020 |
| ആകെ | 14,00,000 | 14,00,000 | |

എസ്.എസ്.എ ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി 14,00,000/- തുക നൽകിയിട്ടുണ്ട്. എസ്.എസ്.കെ ലഭ്യമാക്കിയ ചെലവു പത്രികയിൽ ബി.ആർ.സി, സി.ആർ.സി വിഹിതത്തിന് പുറമെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പാഠപുസ്തക വിതരണം, യൂണിഫോം വിതരണം, വിവിധ പരിശീലന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചതായി കാണുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പഞ്ചായത്ത് പരിധിയിൽ തുക ചെലവഴിച്ച സ്കൂളുകൾ, ചെലവിന്റെ മറ്റ് വിശദാംശങ്ങൾ എന്നിവ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എ/646/20 തീയതി 26.07.21 സാക്ഷ്യപത്രം പ്രകാരം എസ്.എസ്.കെ യിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചതായി കാണിക്കുന്ന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആരോഗ്യം വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തിൽ എസ്.എസ്. കെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 26/ 19.11.21)

## 1-21 എ.ബി.സി പ്രോഗ്രാം -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | 300/21 എ.ബി.സി പ്രോഗ്രാം (തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണപരിപാടി ) |
| അടങ്കൽ | 3,50,000 (വികസനഫണ്ട് -ജനറൽ) |
| ചെലവ് | 3,50,000 (ബിൽ നം . 14/28.09.2020) |
| ബിൽ നം | 14/28.09.2020 |

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അതു വഴി പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുന്നതിനും ജന്തുജന്യരോഗങ്ങൾ ഫലപ്രദമായി തടയുന്നതിനുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പാലക്കാട് ജില്ലാപഞ്ചായത്താണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായ 3,50,000/- രൂപ ജില്ലാ പഞ്ചായത്തിലേക്ക് വെറ്ററിനറി സർജ്ജൻ കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതിന്റെയോ ധനവിനിയോഗ വിവരമോ നാളിതു വരെ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 27/19.11.2021 ന് നിർവ്വഹണഉദ്യോഗസ്ഥനായ ഡെപ്യൂട്ടി ഡയറക്ടർക്ക് (മൃഗസംരക്ഷണവകുപ്പ്, പാലക്കാട്) കത്ത് നൽകിയിട്ടുണ്ട് എന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

പദ്ധതി പൂർത്തീകരിച്ച് ധനവിനിയോഗസാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പദ്ധതി നടപ്പിലാക്കിയില്ല

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി അവർ അളക്കുന്ന പാലിന് ആനുപാതികമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്റ്റ് നം. | 127/21, ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് |
| അടങ്കൽ | 4,00,000/- (Development Fund, General) |

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്)നം.22/2018 തസ്വഭവ, തീയതി 14.02.2018 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ 4രൂപ നിരക്കിൽ പരമാവധി സബ്സിഡി ₹ 40,000/- ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ 2019-20 വർഷത്തെ സ്പിൽഓവർ പദ്ധതി 2020-21 വർഷം നടപ്പിലാക്കി എന്നല്ലാതെ 2020-21 വർഷം ഫലത്തിൽ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ലഭിച്ചിട്ടില്ല. തൻമൂലം ക്ഷീരകർഷകർക്ക് ന്യായമായും ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നു. കർഷകർക്ക് ക്ഷീരവികസന വകുപ്പിൽ നിന്നുള്ള സബ്സിഡി ലഭ്യമാക്കുന്നതിനുള്ള നടപടികൾ, ബ്ലോക്ക് വിഹിതം വകയിരുത്തുക എന്നിവ ചെയ്തിട്ടില്ല. കർഷകർക്ക് അർഹമായ ആനുകൂല്യം ലഭിക്കത്തക്കവിധം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/19.11.2021 ന് മറുപടിയായി പദ്ധതിക്ക് വേണ്ട ഗുണഭോക്തൃപട്ടിക അംഗീകരിച്ച് ലഭിക്കാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു. ക്ഷീരകർഷകർക്ക് ന്യായമായും ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന സ്ഥിതി ഗൗരവമായി കാണേണ്ടതാണ്.

### 1-23 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്- ഒരേ ഗുണഭോക്താവിന് രണ്ട് പ്രാവശ്യം ആനുകൂല്യം നൽകി

| | |
|---|---|
| നിർവഹണ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| പ്രൊജക്റ്റ് നം. | 127/21, ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് |
| അടങ്കൽ | 4,00,000/- (Development Fund, General) |

2019-20 ലെ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതി സ്പിൽഓവർ ആയി 2020-21 വർഷം നടപ്പിലാക്കിയിട്ടുണ്ട്. 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിച്ച ഒരേ ഗുണഭോക്താവിന് വീണ്ടും ആനുകൂല്യം നൽകിയിരിക്കുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ഗുണഭോക്താവ്- വിജി

ആധാർ നം.- 366687998478

അക്കൗണ്ട് നം.- 0186053000043991

| | പാലളവ് സ്റ്റേറ്റ്മെന്റുകൾ പ്രകാരം അളന്ന പാൽ- ലിറ്ററിൽ | | | | | ആകെ | കൈമാറിയ തുക |
|---|---|---|---|---|---|---|---|
| | April-19 | May-2019 | June-2019 | July-2019 | August-2019 | Total (Litres) | Amount |
| Bill No. 1/20-21 Dated 19.05.2020 Amount-2,57,656/- | 198 | 236 | 188 | 266 | 106 | 994 | 2980/- |
| Bill No. 18/19-20 Dated 20.03.2020 Amount-44,889/- | - | - | 237 | 387 | 121 | 745 | 2980/- |

വിശദീകരണം നൽകണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/19.11.2021 ന് പാലളവ് സ്റ്റേറ്റ്മെന്റ് വിശദമായി പരിശോധിച്ചതിനുശേഷം മറുപടി നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുകയായ 2980/- രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-24 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരമുള്ള തുക അനുവദിക്കേണ്ടതാണ്

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി അവർ അളക്കുന്ന പാലിന് ആനുപാതികമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്റ്റ് നം. | 127/21, ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് |
| അടങ്കൽ | 4,00,000/- (Development Fund, General) |

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്) നം. 22/2018 തസ്വഭവ, തീയതി. 14.02.2018 (ഖ.6.8.2)

പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ 4 രൂപ നിരക്കിൽ പരമാവധി സബ്സിഡി ₹40,000/- ഒരു കർഷകന് നൽകാവുന്നതാണ്. കർഷകർക്ക് ക്ഷീരവികസന വകുപ്പിൽ നിന്നുള്ള സബ്സിഡിയായ ഒരു രൂപ ലഭിച്ചിട്ടില്ല. എന്നാൽ കർഷകർക്ക് ഇതുൾപ്പെടെ നാലു രൂപ നിരക്കിലാണ് സബ്സിഡി നൽകിയിരിക്കുന്നത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സംഘം, പാലളന്ന മാസം | പാലിന്റെ അളവ് - ലിറ്ററിൽ | തുക കൊടുത്തത് | ബിൽ നം./ തിയതി | തുക അനുവദിക്കാവുന്നത്- 3 രൂപ നിരക്കിൽ | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | Irumbakachola/ Sep To Dec-2019 | 12693 | 50772 | 4/19.05.20 | 38079 | 12693 |
| 2 | Pottassery/ Sep To Dec-2019 | 25000 | 100000 | 11/05.06.20 | 75000 | 25000 |
| 3 | Viyyakurissi | 5020 | 20080 | 20/05.06.20 | 15060 | 5020 |
| 4 | Pottassery/ Sep To Dec-2019 | 15801 | 63204 | 13/05.06.20 | 47403 | 15801 |
| 5 | Pottassery/ Jan, Feb | 25890 | 103560 | 17/05.06.20 | 77670 | 25890 |
| | | | | | Total | 84,404 |

കർഷകർക്ക് അധിക നിരക്കിൽ സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/19.11.2021 ന് ക്ഷീര കർഷകർക്ക് പരമാവധി ആനുകൂല്യം ലഭ്യമാക്കുക എന്ന ഉദ്ദ്യേശത്തോടു കൂടിയാണ് ലിറ്ററിന് നാലു രൂപ നിരക്കിൽ നൽകിയത് എന്ന മറുപടിയായി അറിയിച്ചിട്ടുണ്ട്. സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം നിർവഹണം നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ട് നടപ്പാക്കിയില്ല

സ.ഉ(കൈ)നം.14/2020/ആ.സാ.വ തിയതി 18-05-2020 പ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യോത്പാദന വർദ്ധനവിനായുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ.ഉ(കൈ)നം.45/2020/ തസ്വഭവ തിയതി 6-3-2020 പ്രകാരം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ എന്നിവ സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്നും

നിർദ്ദേശിച്ചിരുന്നു. സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ സബ്സിഡിയുടെ വിശദാംശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

തൻവർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റ് പ്രകാരം തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

415/21- വീട്ടുവളപ്പിൽ മത്സ്യക്കൃഷി   അടങ്കൽ -7380000

(പ്ലാൻ ജനറൽ ) - 196800(സംസ്ഥാനാവിഷ്കൃതം) - 98400 (മറ്റിനം) - 442800 രൂപ)

കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/15.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-26 വെറ്ററിനറി സർജൻ നിർവഹണഉദ്യോഗസ്ഥനായി നിർവഹണം നടത്തിയ പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നില്ല

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 13 പ്രകാരം പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 2020-21 വർഷം വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളായ ആട് വളർത്തൽ, പശു വളർത്തൽ എന്നീ പദ്ധതികളിൽ കറവപ്പശുക്കളുടെ പ്രായം, ആടിന്റെ തൂക്കം, ഇവയുടെ ഗുണനിലവാരം എന്നിവ മോണിറ്ററിംഗ് നടത്തേണ്ടതാണ് എന്ന് പദ്ധതി രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ നിർവ്വഹിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. എല്ലാ പദ്ധതികളും കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 18/19.11.2021)

1-27 വെറ്ററിനറി ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ വാങ്ങൽ - യു.പി.എസ്, പ്രിന്റർ എന്നിവ ലഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതി | മൃഗാസ്പത്രിയിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 65,000/-( M.G.N.R) |
| ചിലവ് | 57,919/- |
| ബിൽ നം. | 17/20-21 Dated 17.04.2020 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

മേൽ ബിൽ പ്രകാരം കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി കേരള ഐ.ടി മിഷനിലേക്ക് 17.04.2020 തിയതിയിൽ 57,919/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി 38,266/- രൂപയുടെ കമ്പ്യൂട്ടർ മാത്രമാണ് ലഭ്യമായത്. യു.പി.എസ്, പ്രിന്റർ എന്നിവ ഇതുവരെയായും ലഭിച്ചിട്ടില്ല. ഇവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 27/19.11.2021)

1-28 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ- സ്റ്റോർസ് പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ

എന്നിവയിലെ വ്യവസ്ഥകളനുസരിച്ചുള്ള ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചില്ല

സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ വാങ്ങൽ എന്ന പദ്ധതി 2013-ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010, സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം.22/2018 /ത.സ്വ.ഭ.വ/14.02.2018 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

I. വൃദ്ധർക്ക് കട്ടിൽ-എസ്.സി.പി

മേൽ പദ്ധതി പ്രകാരമുള്ള ചെലവുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി | വാങ്ങിയ കട്ടിലു കളുടെ എണ്ണം @ 4350 | സ്ഥാപനത്തിന്റെ ബിൽ |
|---|---|---|---|---|---|---|
| 1 | 418/21 -സ്റ്റീൽ ഓവർ | 540000 | 258774 | 4/3.6.20 | 60 | NRO/SALES/842 Dt. 30.03.20 |
| | | | 217472 | 8/10.11.20 | 50 | NRO/SALES/334 Dt. 02.11.20 |
| Total | | | 476246 | | 110 | |

പ്രൊജക്ട് പ്രകാരം 110 വൃദ്ധർക്ക് കേരളാ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (KADCO) നിന്നാണ് ടെണ്ടർ കൂടാതെ നേരിട്ട് കട്ടിൽ വാങ്ങി നൽകാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഒരു കട്ടിലിന് 4350 രൂപ നിരക്കിലാണ് വാങ്ങൽ നടത്തിയിട്ടുള്ളത് .

ഫയലിനോടോപ്പം ഹാജരാക്കിയ സ.ഉ(സാധാ)നം.3161/2017/ത.സ്വ.ഭ.വ തീയ്യതി 27.09.2017 തദ്ദേശ സ്ഥാപനങ്ങളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് ഫർണിച്ചർ, ആധുനികവൽക്കരണം തുടങ്ങിയവ) ഒരുക്കുന്നതിന്റെ നോഡൽ ഏജൻസിയായി മാത്രമാണ് പ്രസ്തുത സ്ഥാപനത്തെ നിശ്ചയിച്ചിട്ടുള്ളത്. കാഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്താമെന്ന റേറ്റ് കോൺട്രാക്ട് ഉത്തരവ് സ.ഉ(സാധാ)നം. 60/2017/SPD 20.10.2017 പ്രകാരമുള്ള സാമഗ്രികളുടെ പ്രൈസ് ലിസ്റ്റിൽ കട്ടിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ മേൽ വാങ്ങലുകൾ കാഡ്കോയിൽ നിന്ന് നേരിട്ട് നടത്തിയത് സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങൾക്ക വിരുദ്ധമാണ്. റേറ്റ് കോൺട്രാക്ക് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകൾ കാഡ്കോയിൽ നിന്നും നേരിട്ടു വാങ്ങാവുന്നതാണെന്ന സർക്കാർ ഉത്തരവും ലഭ്യമാക്കിയിട്ടില്ല. അർഹതയില്ലാത്ത സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങളുടെ ലംഘനമായി വിലയിരുത്തുന്നു.

ഓഡിറ്റ്നിർദ്ദേശങ്ങൾ

വാങ്ങലുകളിൽ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

സ്ഥാപനങ്ങളുടെ അർഹത പരിഗണിച്ച് മാത്രം നേരിട്ടുള്ള വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 ഡെപ്പോസിറ്റ് പ്രവൃത്തി- കേരള വാട്ടർ അതോറിറ്റി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് പ്രവൃത്തിക്കായി കൈമാറിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക |
|---|---|---|---|
| കേരള ജല അതോറിറ്റി, മണ്ണാർക്കാട് | 304/21-കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2/22.5.20 | 1300000 |

പദ്ധതി നിർവ്വഹണത്തിൽ കേരള ജല അതോറിറ്റിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടു കാണുന്നില്ല. മുൻകൂർ അനുവദിക്കുമ്പോൾ കരാറിൽ ഏർപ്പെടേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ കരാറിന്റെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതിനും, ചെലവ് തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കുന്നതിനും നിർവ്വഹണ ഏജൻസികളുമായുള്ള കരാറിൽ പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടതാണ്. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/15.11.2021) മറുപടിയൊന്നും ലഭ്യമാക്കിയില്ല.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

1-30 ഡെപ്പോസിറ്റ് പ്രവൃത്തി-കെ.എസ്.ഇ.ബി യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി കെ.എസ്.ഇ.ബി ക്ക് ഡെപ്പോസിറ്റ് പ്രവൃത്തിക്കായി കൈമാറിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | ക്രമ നം. | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക |
|---|---|---|---|---|
| വൈദ്യുതി ബോർഡ് (കാഞ്ഞിരപ്പുഴ) | 1 | 8/21-ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ വാർഡ് 18 | 22000979/ 29.12.20 | 47521 |
| | 2 | 20/21 -പള്ളിപ്പടി ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 9/24.8.20 | 200000 |
| | 3 | 279 -ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ വാർഡ് 10 | 10/24.8.20 | 29913 |

| | | | | |
|---|---|---|---|---|
| | 4 | 361-കാളയംകോട് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000121/ 22.05.20 | 48498 |

തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/15.11.2021) മറുപടിയൊന്നും ലഭ്യമാക്കിയില്ല. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

## 1-31 ദുരിദാശ്വാസ നിധി കാര്യക്ഷമമാക്കണം

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനായിട്ടുള്ള ബാങ്ക് അക്കൗണ്ട് തുടങ്ങുകയോ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി സജീവമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

ഇതിന് വേണ്ടി രൂപീകരിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് (നം -10865 PSCB- കാഞ്ഞിരപ്പുഴ) പരിശോധിച്ചതിൽ 2020-21 ൽ മുന്നിരിപ്പ് 2170 രൂപയും വരവ് 7206 രൂപയും അടക്കം 9376 രൂപ വരവുണ്ട് തൻവർഷം ചെലവു ഒന്നും നടത്തിയിട്ടില്ല.

## 1-32 തെരുവ് വിളക്ക് പരിപാലനം-എല്ലാ വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതും സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്

കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കാഞ്ഞിരപ്പുഴ, ഹാജരാക്കിയ കൺസ്യൂമർ നമ്പർ 1167716009408 പ്രകാരം താഴെ പറയുന്ന തെരുവു വിളക്കുകൾക്കാണ് പ്രതിമാസം 46033 രൂപ പഞ്ചായത്ത് അടവാക്കുന്നത്.

| Particular | Watt | Nos | Rate | Bill Amount |
|---|---|---|---|---|
| Ordinary | 60 | 2 | 112 | 224 |
| Tube Set | 40 | 77 | 73 | 5621 |
| S.V.Lamp | 250 | 3 | 492 | 1476 |
| Double Tube | | 6 | 147 | 882 |
| CFL Set | 2*11 | 1062 | 36 | 37830 |
| LED | 1*24 | 30 | 22 | 660 |
| | | | | 46033 |

പഞ്ചായത്തും കെ.എസ്.ഇ.ബി യും 2016 ന് ശേഷം സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവു വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ കൈവശമുള്ള

കാലഹരണപ്പെട്ടതും കൃത്യതയില്ലാത്തതുമായ കണക്കനുസരിച്ചാണ്. സാധാരണ ലാമ്പുകൾ വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും മുൻ വർഷങ്ങളിലൊന്നും ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. വിവിധ ഘട്ടങ്ങളിലായി സാധാരണ ലാമ്പുകൾക്ക് പകരം സി.എഫ്.എല്ലും എൽ.ഇ.ഡി ലാമ്പുകളും സ്ഥാപിച്ചിട്ടുണ്ട്.

2019-20 ൽ താഴെ പറയുന്ന പ്രൊജക്ട് പ്രകാരം 20 W*10 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | നിർവ്വഹണ ഉദ്യോഗ സ്ഥൻ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 247/20 | സെക്രട്ടറി | 400000 (125800-ധനകാര്യ കമ്മീഷൻ അവാർഡ്, 274200-തനത് ഫണ്ട്) | 393600 (125800-ധനകാര്യ കമ്മീഷൻ അവാർഡ്, 267800-തനത് ഫണ്ട്) | 15/30.11.19 |

എന്നാൽ മേൽ പ്രൊജക്ട് പ്രകാരം വാങ്ങിയ 20 W LED ലാമ്പുകളുടെ കണക്ക് KSEB ഹാജരാക്കിയ ഡിമാന്റ് നോട്ടീസിൽ ഇല്ല. താരതമ്യേന വൈദ്യുതി നിരക്ക് കൂടുതലുള്ള സി.എഫ്.എൽ, ഓർഡിനറി ബൾബുകൾ, ട്യൂബ് ലൈറ്റ്, സോഡിയം വേപ്പർ ലാമ്പ് എന്നിവയ്ക്ക് വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (43/20.11.21) നൽകിയെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല. തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് അടവാക്കുന്നത് സംയുക്ത പരിശോധന നടത്തി നിലവിലുള്ള യഥാർത്ഥ വിളക്കുകളുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ചേർന്ന് സംയുക്ത പരിശോധനയിലൂടെ ലാമ്പുകളുടെ കൃത്യത ഉറപ്പാക്കി തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. നിലവിലില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കി വരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4 അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. എല്ലാ തെരുവു വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണ സമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-33 കണ്ടിജന്റ് ചെലവുകൾ -പരിധി പാലിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 156 ഉപവകുപ്പ് 4(സി) പ്രകാരം സർക്കാർ അതാത് സമയം നിശ്ചയിക്കാവുന്ന പരിധി വരെ പ്രസിഡണ്ടിന് കണ്ടിജന്റ് ചെലവുകൾ നിർവ്വഹിക്കാവുന്നതാണ്. സ.ഉ.(എം.എസ്)നം.171/2017/ത.സ്വ.ഭ.വ തീയ്യതി 26.08.2017 പ്രകാരം ഒരു തവണത്തെ പരിധി 7500

രൂപയും മാസപരിധി 15000 രൂപയുമാക്കി വർധിപ്പിച്ചു.

പഞ്ചായത്തിലെ കണ്ടിജന്റ് ചെലവുകൾ പരിശോധിച്ചതിൽ സർക്കാർ അനുവദിച്ചതിലുമധികം ചെലവഴിച്ചുള്ളതായി കാണുന്നു. 2020 നവമ്പർ മാസത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ 47377 രൂപ ഭക്ഷണ ഇനത്തിൽ മാത്രം ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 1 | 22000814 | 3.11.20 | 3082 |
| 2 | 22000815 | 3.11.20 | 2030 |
| 3 | 22000857 | 11.11.20 | 2475 |
| 4 | 22000855 | 11.11.20 | 3600 |
| 5 | 22000868 | 13.11.20 | 3172 |
| 6 | 22000880 | 20.11.20 | 7416 |
| 7 | 22000881 | 20.11.20 | 3960 |
| 8 | 22000889 | 24.11.20 | 20000 |
| 9 | 22000897 | 30.11.20 | 1642 |
| Total | | | 47377 |

സർക്കാർ അനുവദിച്ചതിലുമധികം തുക ചെലവഴിച്ചിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 44/20.11.21) മറുപടിയൊന്നും സമർപ്പിച്ചില്ല. സർക്കാർ അതാത് സമയം നിശ്ചയിക്കുന്ന പരിധി കവിയാതെ കണ്ടിജന്റ് ചെലവുകൾ നിർവ്വഹിക്കേണ്ടതാണ്.

## 1-34 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ സ.ഉ(എം.എസ്)നം.170/2007/ ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 2-8-2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് ഗ്രാമപഞ്ചായത്തിൽ പരിപാലിച്ച വരുന്ന ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

വാഹനം -Mahindra XYLO (രജിസ്ട്രേഷൻ നം .- KL-50 H 8369)

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ

സൂക്ഷിക്കേണ്ടതാണ്.

1. ലോഗ് ബുക്ക്
2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്
3. റിപ്പയർ രജിസ്റ്റർ
4. ഫ്യുവൽ രജിസ്റ്റർ

എന്നാൽ ലോഗ് ബുക്ക് മാത്രമാണ് സൂക്ഷിച്ചു വരുന്നത്. ബാക്കിയുള്ള രജിസ്റ്ററുകൾ മേൽ പറഞ്ഞ ഉത്തരവ് പ്രകാരം സൂക്ഷിക്കുന്നില്ല. ആകയാൽ വാഹനത്തിന്റെ പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല.

- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
- ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യവൽ കൺസംപ്ഷൻ ടെസ്റ്റ് 2019-20, 20-21 വർഷങ്ങളിൽ നടത്തിയിട്ടില്ല എന്ന് കാണുന്നു.
- ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.

കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

- വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.42/20-11-2021) മറുപടിയൊന്നും സമർപ്പിച്ചില്ല.

ഓഡിറ്റ് നിർദേശങ്ങൾ

- സ.ഉ(എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.
- ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തേണ്ടതാണ്.
- വാഹനത്തിന്റെ പുക ടെസ്റ്റ് നടത്തി സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്.
- വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്.

## 1-35 തെരുവ് വിളക്ക് എ.എം.സി -അപാകതകൾ

ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റുമായി (AMC) ബന്ധപ്പെട്ട് 2020-21 ൽ താഴെ പറയും പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| 359/21 | 375000 (ധനകാര്യ | 375000 (ധനകാര്യ | 50/6.3.21-75000 |

| | | | |
|---|---|---|---|
| | കമ്മീഷൻ അവാർഡ്-75000, തനത് ഫണ്ട്-300000) | കമ്മീഷൻ അവാർഡ്-75000, തനത് ഫണ്ട്-300000) | വൗച്ചർ നമ്പർ-22001198/ 24.2.21-164000, വൗച്ചർ നമ്പർ-22000169/15.6.20-136000 |

തെരുവു വിളക്കുകളുടെ വാർഷിക മെയിന്റനൻസ് നടത്തുന്നതിനായി 14-10-2019 ന് ടെണ്ടർ ക്ഷണിച്ചതിൽ ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സുനിൽകുമാർ, ചേറുംപാല ഹൗസ്, മുതുകുർശ്ശി എന്നിവരുടെ ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയുണ്ടായി (21-10-19ലെ 6(1) നം.തീരുമാനം)

പദ്ധതി നടത്തിപ്പിൽ തഴെ പറയുന്ന പോരായ്മകൾ കാണുന്നു.

1. 07-11-2017 ലെ 177/ഡി.എ.3/2016/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്റ്റ് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും 'ബി' ക്ലാസ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രീഷൻ ലൈസൻസും പ്രവർത്തി പരിചയവും ഉണ്ടായിരിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഈ പ്രോജക്റ്റ് ഏറ്റെടുത്ത കരാറുകാരന് 'സി' ക്ലാസ് ലൈസൻസ് (നം11402) മാത്രമാണ് ഉള്ളത്.

2. തെരുവു വിളക്കുകളുടെ റിപ്പയറും മെയിന്റനൻസും ടെണ്ടറിലൂടെ നടപ്പാക്കുന്നതു സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സർക്കുലർ നം.3055/ഡിഎ.3/2011/ത.സ്വ.ഭ.വ/തീ.15.09.2011) പ്രവൃത്തികൾക്കുപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരത്തിലുള്ളതും സാമഗ്രികളുടെ നിരക്ക് വൈദ്യുതി ബോർഡിന്റെ നിരക്കിനെക്കാൾ കൂടാൻ പാടില്ലാത്തതുമാണ്. എന്നാൽ വൈദ്യുതി ബോർഡിന്റെ നിരക്ക് ലഭ്യമാക്കി കരാറുകാരന്റെ നിരക്കുമായി താരതമ്യം ചെയ്യാതെയും സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താതെയുമാണ് മേൽ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്.

3. എഗ്രിമെന്റിലെ വ്യവസ്ഥ 2 പ്രകാരം കെ.എസ്.ഇ.ബി ജീവനക്കാരുടെ മേൽനോട്ടത്തിൽ ജോലി നിർവ്വഹിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

4. കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പാക്കുവാൻ കരാറിന്റെ പ്രാരംഭ ഘട്ടം മുതൽ സ്ഥാപനത്തിന്റെയും ബോർഡിന്റെയും അധികാരികളും കരാറുകാരനും സംയുക്ത പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള പരിശോധന നടന്നിട്ടില്ല.

5. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് സൂക്ഷിക്കുന്നില്ല.

തെരുവ് വിളക്ക് സാമഗ്രികൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവയും സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. കേടു വന്ന സാധന സാമഗ്രികൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുമ്പോൾ ആയത് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും സ്റ്റോക്ക്-ഇൻ, സ്റ്റോക്ക് ഔട്ട് കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതുമാണ്. സ.ഉ(സാധാ)നം. 2238/2016/ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ Performance Guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള പരാതി രജിസ്റ്ററിൽ പൊതുജനങ്ങൾ രേഖപ്പെടുത്തുന്ന പരാതികളുടെ അടിസ്ഥാനത്തിലും, പഞ്ചായത്ത് മെമ്പർമാരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും നടത്തേണ്ടതാണ്. വാർഷിക അറ്റകുറ്റപണിയുടെ ചെലവ് തെരുവ് വിളക്ക് ആസ്തി രജിസ്റ്ററിലെ കണക്ക്, പരാതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നിവക്ക് അനുസൃതമാകേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം

41/20.11.21)

1-36 ദിവസവേതന അടിസ്ഥാനത്തിൽ അംഗീകാരമില്ലാതെ നിയമിച്ച

പഞ്ചായത്തിൽ 2020-21 വർഷത്തിൽ താഴെ പറയുന്നവരെ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ച് തനത് ഫണ്ടിൽ നിന്നും ആകെ തുക 365180/- രൂപ നൽകിയിട്ടുണ്ട്.

| മാസം | നൽകിയ വേതനം | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | സരോജിനി. എൻ, Data Entry Operator | പത്മപ്രിയ Data Entry Operator Cum Clerk | സാവിത്രി Data Entry Operator | പ്രബില. പി Data Entry Operator | വിജയകുമാരി PTS | സുനിത. എം, PTS | സൂര്യ ക്ലർക്ക് | അഖില.ടി ക്ലർക്ക് | രജിത. എം PTS |
| 4/20 | 18500 | 18500 | | 17020 | | | | | |
| 5/20 | | | 14800 | 13320 | | | | | |
| 6/20 | 17020 | | | 17020 | | | | | |
| 7/20 | | | 17760 | 17760 | | 4400 | | | |
| 8/20 | 17020 | | | 17760 | 4200 | | | | |
| 9/20 | | | 17020 | 6660 | 3800 | | 4000 | 4000 | |
| 10/20 | 16280 | | | 12580 | 3800 | | 4000 | 4000 | |
| 11/20 | | | 13320 | | 3600 | | | | |
| 12/20 | 12580 | | | | 4200 | | | | |
| 1/21 | 15540 | | | | 3600 | | | | |
| 2/21 | 17020 | | | | | | | | 4600 |
| 3/21 | 15100 | | | | | | | | 4400 |
| Total | 129060 | 18500 | 62900 | 102120 | 23200 | 4400 | 8000 | 8000 | 9000 |

സ.ഉ(അച്ചടി)നം.81/2019/ധന/തീയ്യതി 9.7.2019 പ്രകാരം സർക്കാർ അംഗീകൃത തസ്തികകളിൽ അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 90 ദിവസം വരെയുള്ള ദിവസ വേതന നിയമനം വകുപ്പ് മേധാവിക്ക് നടത്താവുന്നതാണ്. ഈ കാലാവധിക്ക് പുറത്ത് ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അംഗീകൃത തസ്തികളാണെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. പി.ടി.എസിന്റെ ഒഴിവ് 2018 മുതൽ ഒഴിഞ്ഞ് കിടക്കുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/19.11.21) എംപ്ലോയ്മെന്റ് ഓഫീസിൽ അറിയിച്ചിട്ടുണ്ടെങ്കിലും നിയമിച്ചിട്ടില്ലെന്ന മറുപടിയാണ് ലഭ്യമായത്. സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കാതെ ദിവസ

വേതന നിയമനം നടത്തുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. നടപടി ക്രമങ്ങൾ പാലിക്കാതെ ജീവനക്കാരെ നിയമിക്കുന്നത് നിർവ്വഹണോദ്യോഗസ്ഥന്റെ നഷ്ടോത്തരവാദിത്തമായി കണക്കാക്കുന്നതാണ്.

1-37 ശ്മശാന നവീകരണം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| പ്രൊജക്ട് നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 325/21 | സെക്രട്ടറി | 500000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 500000 | 2/26.5.20 |

പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ 2017-18 ലെ സംയുക്ത പദ്ധതിയായ കാഞ്ഞിരപ്പുഴ ഗ്യാസ് ക്രമിറ്റോറിയം നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് വിഹിതമായി 500000 രൂപ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (79901140002200) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/16.11.21) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സർട്ടിഫിക്കറ്റും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-38 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -അവലോകനം

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166(1) പ്രകാരമുള്ള പട്ടിക മൂന്ന് പ്രകാരം സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക, രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക, രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽപെടുന്ന ആരോഗ്യ ശുചിത്വ ഉത്തരവാദിത്വങ്ങളിൽ പ്രധാനപ്പെട്ടവയാണ്. കോവിഡ് 19 എന്ന സാംക്രമിക രോഗത്തിന്റെ പശ്ചാത്തലത്തിൽ സ്ഥാപനത്തിൽ ഈ ഉത്തരവാദിത്വങ്ങളുടെ ഫലപ്രദമായ നിർവ്വഹണം പ്രാധാന്യമർഹിക്കുന്നു.

2020-21ൽ കോവിഡ് 19 ന്റെ പ്രതിരോധത്തിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 447 | കോവിഡ് കെയർ സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ, വെള്ളം, ശുചിത്വ മാലിന്യ സംസ്കരണ സൗകര്യങ്ങൾ | 500000 (തനത് ഫണ്ട്) | 201219 |
| 464 | കോവിഡ് കെയർ സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ, വെള്ളം, ശുചിത്വ മാലിന്യ | 550000 | 549970 |

| | | | |
|---|---|---|---|
| | സംസ്കരണ സൗകര്യങ്ങൾ | | |

ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രവർത്തനങ്ങൾക്കായി പ്രത്യേക അക്കൗണ്ട് നാളിതുവരെ രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധിയുടെ ഭാഗമായി പ്രത്യേക അക്കൗണ്ട് ആരംഭിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള തുക സ്വീകരിക്കാവുന്നതാണ്.

ജനകീയ ഹോട്ടൽ

വിശപ്പു രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ഗ്രൂപ്പ് നടത്തുന്ന ജനകീയ ഹോട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്നു വരുന്നുണ്ട്.

കോവിഡ് പൂർണ്ണമായും നിയന്ത്രണവിധേയമാകാതെ നിലനില്ക്കുന്ന അവസ്ഥാ വിശേഷം, ജില്ലയിലെ മിക്ക പഞ്ചായത്തുകളിലുമെന്നതു പോലെ ഗ്രാമപഞ്ചായത്ത് പരിധിയിലുമുണ്ട്. ഇത് പരിഹരിക്കുന്നതിന് കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിഭാഗങ്ങളുടെ, പ്രത്യേകിച്ച് ആർ ആർ ടിമാർ, സെക്ടറൽ മജിസ്ട്രേറ്റ്, ഹെൽത്ത് വിഭാഗം ജീവനക്കാർ എന്നിവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നല്കേണ്ടതുമുണ്ട്. ഇത് നിർവ്വഹിക്കേണ്ടതും ഇത്തരത്തിലുള്ള എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കേണ്ടതും സ്ഥാപനത്തിലെ ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയാണെന്നത് ശ്രദ്ധയിൽപെടുത്തുന്നു.

1-39 ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും തെരുവു വിളക്കുകൾ നേരിട്ടു വാങ്ങി

2020-21 വർഷത്തിൽ നടപ്പാക്കിയ പട്ടികജാതി കോളനിയിൽ പുതിയ മിനിമാസ്റ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്ട്, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിച്ചാണോ പരിശോധിക്കുവാനാണ് ലക്ഷ്യമിട്ടത്. പരിശോധനയിലെ കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. പട്ടികജാതി കോളനികളി ൽ മിനിമാസ്റ്റ് സ്ഥാപിക്കൽ

| പ്രൊജക്ട് നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 449/21 | അസിസ്റ്റന്റ് സെക്രട്ടറി | 297525 രൂപ (വികസന ഫണ്ട് SCP) | 297228 രൂപ | 18/29.3.2021 |

എ. ലാമ്പുകളുടെ നിരക്ക്

70 വാട്ടിന്റെ 3 മിനിമാസ്റ്റ് ലൈറ്റ് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്.

ഇൻവോയ്സ് നം . CD/20-21/R/276/26.3.2021 (SILK ,TRISSURE )

| Description | Qua Ntity | Rate | Total | CGST | SGST | TOTAL |
|---|---|---|---|---|---|---|
| Supply, Installation, Erection, Testing & Commiss Ioning Of 7 Mtr | 3 | 81854.5 | 244753.50 | 14685.21 | 14685.21 | 274123.92 |

| | | | | | | |
|---|---|---|---|---|---|---|
| Minimast System With 3 Nos Of 70W LED Flood Lights | | | | | | |
| Project Management Charges @ 8% | | | 19580.28 | 1762.23 | 1762.23 | 23032.74 |
| Total | | | 264333.78 | 16447.44 | 16447.44 | 297228.66 |

ബി. തീരുമാനങ്ങൾ

വിവിധ തീരുമാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 17-09-2020 ലെ തീരുമാനം നം. 3 പ്രകാരം സിൽക്ക് മുഖേന എസ്റ്റിമേറ്റ് ലഭ്യമാക്കി ടി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് യോഗം അംഗീകരിച്ച് തീരുമാനിച്ചു.

2. പഞ്ചായത്ത് 28-10-2020 ലെ തീരുമാനം നം. 1 പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കല്ലമൂല എസ്.സി.കോളനി, ഇയ്യമ്പലം ലക്ഷം വീട് കോളനി, പള്ളിക്കുന്ന് എസ്.സി.കോളനി എന്നിവടങ്ങളിൽ സിൽക്ക് മുഖാന്തിരം മിനിമാസ്റ്റ് സ്ഥാപിക്കാൻ അംഗീകാരം നൽകിയിട്ടുമുണ്ട്.

സി. അക്രഡിറ്റഡ് ഏജൻസികളുടെ ചുമതലകൾ

1. അക്രഡിറ്റഡ് ഏജൻസികളുടെ 04-07-2019ലെ G.O.(P)നം.77/2019/ഫിൻ ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 34 പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SILK എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത് മത്സരാധിഷ്ഠിത ടെണ്ടർ മുഖേനയാകേണ്ടതാണ്. PMC സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. തേർഡ് പാർട്ടിക്കാണ് പഞ്ചായത്ത് തുക നൽകേണ്ടത്.
സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ SILKന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് വിലയിരുത്തുന്നു.

ഡി) ആസൂത്രണം, നിർവ്വഹണം

അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. മേൽ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് സിൽക്കിൽ നിന്നും മിനി മാസ്റ്റ് ലൈറ്റുകൾ നേരിട്ട് വാങ്ങുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയത്. പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിൽ പ്രോജക്റ്റിന്റെ കൃത്യത ചർച്ച ചെയ്തിട്ടുമില്ല. പ്രോജക്റ്റിനനുസരിച്ചാണ്

തുടർന്നുള്ള തീരുമാനങ്ങൾ ഉണ്ടായിട്ടുള്ളത്.

ആസൂത്രണത്തിലെ പാളിച്ചതാണ് നിർവ്വഹണത്തിലെ വീഴ്ചക്ക് കാരണമായിട്ടുള്ളത്. നിർവ്വഹണം നടത്തുന്നതിനു മുമ്പായി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ, വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനോ പ്രോജക്റ്റിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

ഇ) സപ്ലൈ ചെയ്തതിന്റെ വിവരം

